ആഗസ്റ്റ് 2020

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരെ,

കോവിഡ് 19 രോഗബാധയുടെ വ്യാപനം മൂലമുളവായ സംഘർഷനിർഭരമായ അനുഭവങ്ങളിലൂടെയാണ് ജൂലൈ മാസം കടന്നുപോയത്. ലോകത്തിന്റെ ശ്രദ്ധയും പ്രശംസയും പിടിച്ചുപറ്റുന്ന വിധത്തിൽ കേരളഗവണ്മെന്റ് കൈക്കൊണ്ട നിയന്ത്രണനടപടികൾ ആദ്യം ഫലം കണ്ടെങ്കിലും പിന്നീട് ലോക്ഡൗൺ നിയന്ത്രണങ്ങളിൽ ഇളവ് വന്നതോടുകൂടി രോഗവ്യാപനത്തിൽ വലിയ വർദ്ധനവാണ് ഉണ്ടായത്. ഈ പ്രത്യേക സാഹചര്യത്തിലും ആരോഗ്യവകുപ്പും പോലീസ് വകുപ്പും ക്രിയാത്മകമായി പ്രവർത്തിക്കുന്നു എന്നതിൽ ചാരിതാർത്ഥ്യമുണ്ട്. പാരമ്പര്യമായി കർക്കിടകമാസം നമ്മുടെ നാട്ടിൽ ആരോഗ്യം വീണ്ടെടുക്കുന്ന ചികിത്സാമുറകൾ നിർവ്വഹിക്കപ്പെടുന്ന കാലമാണ്. എന്നാൽ ഈ കാലഘട്ടത്തിലും കൊറോണാ വൈറസ് ബാധ നമ്മുടെ സമൂഹത്തെ രോഗാതുരമാക്കിക്കൊണ്ടിരിക്കുന്നു എന്നത് ഒരു യാഥാർത്ഥ്യം തന്നെയാണ്. ഇളവുകൾ അനുവദിക്കുമ്പോൾ അത് ഒരു അവസരമായിക്കണ്ട് ദുഃസ്വാതന്ത്ര്യത്തോടെയുള്ള സമീപനങ്ങൾ പൊതുജനം സ്വീകരിച്ചതാണ് ഈ പ്രശ്നത്തെ കൂടുതൽ വഷളാക്കിയത് എന്ന കാര്യത്തിൽ തർക്കമില്ല. ആത്മനിയന്ത്രണത്തോടുകൂടി നമ്മുടെ പ്രവർത്തനങ്ങൾ ക്രമീകരിച്ചാൽ, പ്രതിരോധപ്രവർത്തനവുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ പാലിച്ചാൽ ഇപ്പോഴത്തെ അവസ്ഥയ്ക്ക് ഗുണപരമായ മാറ്റം ഉണ്ടാകും എന്ന കാര്യത്തിൽ സംശയമില്ല. നമ്മുടെ ജനങ്ങൾക്ക് ഇക്കാര്യത്തിൽ ബോധപൂർവ്വമായ ഹൃദയപരിവർത്തനം ഉണ്ടാകേണ്ടതിനായി നമുക്ക് പ്രാർത്ഥിക്കാം. ഓരോരുത്തരും ഹൃദയം നുറുങ്ങിയ അനുഭവത്തിൽ ദൈവസന്നിധിയിൽ വിനയത്തോടെ പ്രാർത്ഥിക്കണം- ‘കൃപാലുവായ ദൈവമേ, ഞങ്ങളുടെ ദോഷത്വങ്ങൾ ഞങ്ങളോട് ക്ഷമിക്കേണമേ. സൗഖ്യത്തിന്റെ കൃപ ഞങ്ങളിൽ വ്യാപരിച്ച് സമൂഹത്തിലേക്ക് വ്യാപിക്കുന്നതിന് കൃപ പകരേണമേ. ദൈവമേ, നിന്റെ കൃപയാൽ ദേശത്തിനു സൗഖ്യം വരുത്തണമേ’. പ്രതീക്ഷകളുടെ പുതുതളിരുകളുമായി ചിങ്ങമാസം വന്നുചേരുകയാണ്. ചിങ്ങമാസമാകുമ്പോഴേക്കും ഓക്സ്ഫോർഡ് സർവ്വകലാശാലയിൽ വികസിപ്പിച്ചെടുത്ത വാക്സിൻ ഉപയോഗപ്രദമാകുമെന്ന് പ്രതീക്ഷിക്കാം. രോഗാന്ധകാരത്തിന്റെ കാളരാത്രികൾ അവസാനിക്കുവാനും സൗഖ്യത്തിന്റെ പുതു പുലരികൾ പുലരുവാനും നമുക്ക് പ്രാർത്ഥിക്കാം.

ഈ സംവത്സരത്തിൽ നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കെല്ലാം മികച്ച വിജയം കാഴ്ചവയ്ക്കുവാൻ കഴിഞ്ഞു എന്നതിൽ വളരെയധികം അഭിമാനമുണ്ട്. SSLC പരീക്ഷയിൽ ലഭിച്ച മികച്ച വിജയത്തെക്കുറിച്ച് കഴിഞ്ഞ കത്തിൽ പറഞ്ഞിരുന്നുവല്ലോ. പ്ലസ് ടു, വി.എച്ച്.എസ്.ഇ. പരീക്ഷകളിൽ നമ്മുടെ കോർപ്പറേറ്റ് മാനേജ്മെന്റുകളിലെ സ്കൂളുകൾക്ക് മികച്ച നിലവാരം പുലർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ICSE, CBSE, ISC പരീക്ഷകളിലും നമ്മുടെ സഭയുടെ ആഭിമുഖ്യത്തിലുള്ള സ്കൂളുകൾക്ക് നല്ല വിജയം കരസ്ഥമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. (ഈ ലക്കം താരകയിൽ ബന്ധപ്പെട്ട സ്കൂളുകളുടെ വിജയശതമാനത്തിന്റെ ലിസ്റ്റ് ഉൾപ്പെടുത്തിയിട്ടുണ്ട്). നമ്മുടെ ഇടവകകളുടെ ആഭിമുഖ്യത്തിലുള്ള സ്കൂളുകളും മികച്ച നിലവാരം കൈവരിച്ചു. ഈ വിധത്തിൽ നമുക്ക് അഭിമാനകരമാകും വിധം നേട്ടം കൈവരിച്ച് സ്കൂളുകളുടെ മാനേജ്മെന്റുകളെയും കോർപ്പറേറ്റ് മാനേജർ ശ്രീമതി ലാലമ്മ വർഗീസിനെയും പ്രഥമ അദ്ധ്യാപകരെയും പ്രിൻസിപ്പൽമാരെയും അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും പ്രത്യേകം അഭിനന്ദിക്കുന്നു.

ജൂലൈ 1-ാം തീയതി എപ്പിസ്കോപ്പൽ സിനഡ് സഭാ കൗൺസിൽ ചേംബറിൽ കൂടി ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുകയുണ്ടായി. റാന്നി-നിലക്കൽ ഭദ്രാസന കൗൺസിൽ ജൂലൈ 8-ാം തീയതി കൂടി. റാന്നി-നിലക്കൽ ഭദ്രാസനത്തിന്റെ ഭരണച്ചുമതല മുംബൈ ഭദ്രാസന ചുമതലയോടൊപ്പം നിർവ്വഹിക്കുവാൻ അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ തിയഡോഷ്യസ് തിരുമേനിയെ ചുമതലപ്പെടുത്തുന്നതിനും സഫ്രഗൻ മെത്രാപ്പോലീത്തായായുള്ള നിയോഗശുശ്രൂഷ ജൂലൈ 12-ാം തീയതി നടത്തുന്നതിനും സിനഡ് തീരുമാനിച്ചു. ജൂലൈ 12-ാം തീയതി അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ തിയഡോഷ്യസ് എപ്പിസ്കോപ്പായെ സഫ്രഗൻ മെത്രാപ്പോലീത്തായായി നിയോഗിക്കുന്നതിനുള്ള ശുശ്രൂഷ നടന്നു. തിരുമേനി മുംബൈയിൽ നിന്നും എത്തിയതിനുശേഷമുള്ള ക്വാറന്റീന്റെ കാലയളവ് 28 ദിവസം കഴിഞ്ഞപ്പോൾ ഭദ്രാസന ചുമതലകളോടൊപ്പം പ്രത്യേകമായി നൽകിയ മറ്റു ചുമതലകളും അനുഗ്രഹകരമായി നിർവ്വഹിച്ചു വരുന്നു എന്നത് സന്തോഷത്തോടെ അറിയിക്കട്ടെ. ജൂൺ മാസത്തിൽ തന്നെ തിരുമേനിക്ക് നാട്ടിലെത്തുവാൻ കഴിഞ്ഞത് വലിയൊരു ദൈവകൃപയായിരുന്നു എന്നോർത്ത് ദൈവത്തെ സ്തുതിക്കുന്നു.

ജൂലൈ മാസം രണ്ടാം ആഴ്ചയോടുകൂടി ഉദരസംബന്ധമായ ആവശ്യത്തിനായി ഇംപ്ലാന്റ് ചെയ്ത താൽക്കാലിക സ്റ്റെന്റിന്റെ കാലാവധി പൂർത്തീകരിച്ചതിനാൽ പെർമെനന്റ് സ്റ്റെന്റ് ഇടുന്നതിനും തുടർ പരിശോധനകൾക്കുമായി ഏതാനും ദീവസങ്ങൾ നമുക്ക് ആശുപത്രിയിൽ കഴിയേണ്ടി വന്നു. എന്നാൽ അതിനു മുമ്പായി ജൂലൈ 12-ാം തീയതി സഫ്രഗൻ മെത്രാപ്പോലീത്തായുടെ നിയോഗശുശ്രൂഷയ്ക്ക് നേതൃത്വം നൽകുവാൻ ദൈവം നൽകിയ കൃപയ്ക്കായും ആരോഗ്യത്തിനായും ദൈവത്തെ സ്തുതിക്കുന്നു. എന്നു മാത്രമല്ല തിയഡോഷ്യസ് തിരുമേനിയുടെ ആഗമനം നമ്മുടെ കൃത്യാന്തര ബാഹുല്യത്തിന് അയവു വരുത്തിയതോർത്തും ദൈവത്തെ സ്തുതിക്കുന്നു.

ഈ കാലയളവിൽ നമ്മുടെ അഭിവന്ദ്യ ഡോ. ഐസക് മാർ ഫിലക്സിനോസ് എപ്പിസ്കോപ്പാ തിരുമേനിയുടെ പ്രിയ മാതാവ് മാവേലിക്കര ആറ്റുപുറത്ത് ശ്രീമതി മറിയാമ്മ ഐസക് നൂറാം വയസിൽ ദൈവ സന്നിധിയിലേക്ക് ചേർക്കപ്പെട്ടു. തിരുമേനി നാട്ടിലെത്തി ക്വാറന്റീനിൽ കഴിഞ്ഞുകൊണ്ടാണ് ശവസംസ്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകിയത്. അമേരിക്കൻ ഭദ്രാസനത്തിലേക്ക് ഉടനെ മടങ്ങിപ്പോകുവാൻ കാലതാമസത്തിനുള്ള സാധ്യതയുണ്ട്. ആ ഭദ്രാസനത്തിന്റെ ചുമതല ഓൺലൈൻ സംവിധാനങ്ങളിലൂടെ നിർവ്വഹിക്കുവാൻ അനുവദിച്ചിട്ടുണ്ട്. തിരുമേനിയുടെ പ്രിയ മാതാവിന്റെ ധന്യമായ ജീവിതത്തിനായി ദൈവത്തെ സ്തുതിക്കുന്നു. മാവേലിക്കര ചെറുകോൽ മാർത്തോമ്മാ പള്ളിയിൽ വച്ച് നടന്ന ശവസംസ്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുവാൻ തക്കവണ്ണം ആരോഗ്യം നമുക്ക് ദൈവം നൽകി. മറ്റ് എപ്പിസ്കോപ്പാമാരും ശവസംസ്കാര ശുശ്രൂഷയിൽ  പങ്കെടുത്തു.

വാളകം മാർത്തോമ്മാ സ്കൂളിന്റെ മുൻ ഹെഡ്മാസ്റ്ററും നമ്മുടെ സഭാ കൗൺസിൽ അംഗമായ അഡ്വ. ബ്രിജേഷ് ഏബ്രഹാമിന്റെ പിതാവുമായ വാളകം കുമ്പുക്കാട് ഹിൽവ്യൂവിൽ ശ്രീ. കെ.സി. ഏബ്രഹാം (88) അന്തരിച്ചു. നമ്മുടെ ആത്മസുഹൃത്തായിരുന്ന അദ്ദേഹത്തിന്റെ ശവസംസ്കാര ശുശ്രൂഷയിൽ പങ്കെടുക്കുവാൻ കോവിഡ് കാലമായതിനാൽ കഴിഞ്ഞില്ല എന്നത് ദുഃഖത്തോടെ ഓർക്കുന്നു. കുമ്പുക്കാട് കുടുംബം സഭയ്ക്ക് തെക്കൻ ഭാഗങ്ങളിൽ നൽകിയ നേതൃത്വത്തെയും കെ.സി. ഏബ്രഹാം സാറിലൂടെ വാളകം സ്കൂളിനും ആ മേഖലയിലെ സഭാ ശുശ്രൂഷകൾക്കും ലഭിച്ചിട്ടുള്ള ശ്രേഷ്ഠമായ നേതൃത്വത്തെയും പ്രത്യേകം സ്മരിക്കുന്നു. ചെങ്ങമനാട് ഇടവക വികാരിയായിരിക്കുന്ന റവ. സുനിൽ ജോയി അച്ചന്റെ പിതാവ് ശ്രീ. ജോയി ലൂക്കോസ് (78) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. അച്ചന് നാട്ടിൽ വന്ന് ചുരുങ്ങിയ കാലഘട്ടം പിതാവിനെ ശുശ്രൂഷിക്കുവാൻ അവസരം ലഭിച്ചു. റാന്നി പനച്ചിമൂട്ടിൽ അഡ്വ. ഏബ്രഹാം മാത്യുവിന്റെ ഭാര്യാപിതാവ് ശ്രീ.പി.സി.അലക്സാണ്ടർ (93) നിര്യാതനായി. കർത്തൃസന്നിധിയിലേക്ക് കടന്നുപോയ പ്രിയപ്പെട്ടവരുടെ ധന്യമായ ജീവിതത്തിനായി ദൈവത്തെ സ്തുതിക്കാം. വേർപാടിന്റെ ദുഃഖത്തിലായിരിക്കുന്ന വ്യക്തികൾക്കും കുടുംബങ്ങൾക്കുമായി പ്രാർത്ഥിക്കുന്നു. ദുഃഖത്തിൽ സഭയായി പങ്കുചേരുകയും ചെയ്യുന്നു.

പുനലൂർ വി.ഒ. യു.പി. സ്കൂളിലെ ആറ് കുട്ടികൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ USS സ്കോളർഷിപ്പ് ലഭ്യമായി. ഇവരിൽ രണ്ടുപേർ ശാലേം ബോയ്സ് ഹോമിലെ വിദ്യാർത്ഥികളാണ്. ഈ വിദ്യാർത്ഥികളെയും പുനലൂർ ബോയ്സ് ഹോമിന് അനുഗ്രഹകരമായ നേതൃത്വം നൽകുന്ന റവ. പി. ഫിലിപ്പ് അച്ചനെയും പുനലൂർ വി.ഒ. യു.പി. സ്കൂൾ ഹെഡ്മാസ്റ്ററായി നല്ല നേതൃത്വം നൽകുന്ന ശ്രീ.ബിജു കെ. തോമസിനെയും അദ്ധ്യാപകരെയും പ്രത്യേകം അഭിനന്ദിക്കുന്നു. നമ്മുടെ വിവിധ സ്കൂളുകളിൽ നിന്ന് LSS, USS സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളെയും പ്രഥമാദ്ധ്യാപകരെയും അദ്ധ്യാപകരെയും പ്രത്യേകം അഭിനന്ദിക്കുന്നു. നമ്മുടെ കോർപ്പറേറ്റ് മാനേജ്മെന്റിൽ ഉൾപ്പെട്ട തിരുവല്ല എസ്.സി.എസ്. ഹയർ സെക്കന്ററി സ്കൂളിലെ ദിയ പി. തോമസ് പ്ലസ് ടു പരീക്ഷയിൽ 1200ൽ 1200 മാർക്കും വാങ്ങി സമുന്നതമായ വിജയം കരസ്ഥമാക്കി. ദിയ പി. തോമസ് നമ്മുടെ സഭയുടെ മുൻ അത്മായ ട്രസ്റ്റി അഡ്വ. പ്രകാശ് പി. തോമസിന്റെ മകളാണ്. കോഴഞ്ചേരി സെന്റ് തോമസ് മാർത്തോമ്മാ ഇടവകയുടെ ആഭിമുഖ്യത്തിലുള്ള കോഴഞ്ചേരി സെന്റ് തോമസ് മാർത്തോമ്മാ ഹയർ സെക്കന്ററി സ്കൂളിലെ Sanjo Dan Prasad, Ashbi Thomas Oommen,  Aaron Mathew Roy എന്നിവർ പ്ലസ് ടു പരീക്ഷയിൽ 1200ൽ 1200 മാർക്കും വാങ്ങി സമുന്നതമായ വിജയം കരസ്ഥമാക്കി. സമുന്നത വിജയം നേടിയ വിദ്യാർത്ഥികളെയും കോഴഞ്ചേരി ഇടവകയെയും ഈ സ്കൂളുകളിലെ പ്രിൻസിപ്പൽമാരെയും അദ്ധ്യാപകരെയും അനുമോദിക്കുന്നു. അഭിവന്ദ്യ ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായും അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായും നാമും കോഴഞ്ചേരി സെന്റ് തോമസ് ബോയ്സ് സ്കൂളിലാണ് പഠിച്ചത്. ഈ സ്കൂളിൽ ഹൈസ്കൂൾ വിദ്യാഭ്യാസം നിർവ്വഹിച്ച നാളുകളെ സന്തോഷപൂർവ്വം അനുസ്മരിക്കുന്നു.

ആഗസ്റ്റ് മാസത്തിലെ ധ്യാനങ്ങളിലേക്ക് നാം പ്രവേശിക്കുന്നത് പതിനഞ്ച് നോമ്പ് ആരംഭത്തോടുകൂടിയാണ്. ‘കണ്ണിനുപകരം കണ്ണ്, പല്ലിനു പകരം പല്ല്‘ എന്ന നിലപാടുകൾ നിലവിലിരുന്ന ഒരു കാലഘട്ടത്തിൽ ശത്രുവിനെപ്പോലും സ്നേഹത്തിലൂടെ സൗഹൃദത്തിലേക്ക് കൊണ്ടുവരുന്ന നിസ്തുല്യ സ്നേഹത്തിലേക്ക് വളരുവാനാണ് ക്രിസ്തു ലോകത്തെ പഠിപ്പിച്ചത്. നോമ്പിൽ നാം സ്വീകരിക്കുന്ന ശിക്ഷണം ജീവന്റെ സമൃദ്ധിയിലേക്കുള്ള വളർച്ചയുടെ പടവുകളാണ്. ആഗസ്റ്റ് 2 ാം തീയതി ഞായറാഴ്ച മിഷൻ സൺഡേ ആയി ആചരിക്കുന്നു. 'സുവിശേഷം സകലർക്കും' എന്നതാണ് അന്നത്തെ ചിന്താവിഷയം. നസ്രേത്ത് മാനിഫെസ്റ്റോ യേശു പ്രഖ്യാപിക്കുന്ന ഭാഗമാണ് അന്ന് സുവിശേഷ ഭാഗമായി ധ്യാനിക്കുന്നത്. യേശയ്യാവിന്റെ പ്രവചനം (61:1,2) യേശുവിൽ നിവൃത്തിയാകുന്നതാണ് നാം ഇവിടെ കാണുന്നത്. തന്റെ ദൈവരാജ്യദർശനത്തിന്റെ നയപ്രഖ്യാപനമാണ് യേശു അന്ന് നിർവ്വഹിച്ചത്. തനിക്കു നേരിട്ട പരീക്ഷകളെ ധീരമായി അഭിമുഖീകരിച്ച യേശു ആത്മാവിന്റെ ശക്തിയോടെ ദൈവാലയത്തിലേക്ക് കടന്നുവന്ന് നടത്തിയത് വിമോചനത്തിന്റെ സുവിശേഷമാണ്. കർത്താവിനോട് ചേർന്നു നിന്നുകൊണ്ട് ഈ വിമോചനത്തിന്റെ വെളിച്ചം നമ്മുടെ ചുറ്റുപാടുകളിൽ യാഥാർത്ഥ്യമാക്കുവാനുള്ള നിയോഗം നമുക്കുമുണ്ട്. അങ്ങനെയാണ് സുവിശേഷം എല്ലാവർക്കും ഒരു ജീവിതാനുഭവമായിത്തീരുന്നത്. ആഗസ്റ്റ് 6-ാം തീയതി മറുരൂപ പെരുന്നാളാണ്. കർത്താവിന്റെ തേജസ്കരണം യേശുവിന്റെ നിസ്തുല്യ മഹത്വം ശിഷ്യന്മാർ നേരിട്ടറിഞ്ഞ അനുഭവമായിരുന്നു. അതിന്റെ അഭൗമമായ നിർവൃതിയിൽ പത്രോസ് പറഞ്ഞു: ‘ഗുരോ, നാം ഇവിടെ ഇരിക്കുന്നത് നല്ലത്; ഞങ്ങൾ മൂന്നു കുടിൽ ഉണ്ടാക്കട്ടെ; ഒന്നു നിനക്കും ഒന്ന് മോശയ്ക്കും ഒന്ന് ഏലിയാവിനും’ (വി. ലൂക്കൊ. 9:33). മോശെ ന്യായപ്രമാണത്തിന്റെ പ്രതിനിധിയാണ്. ഏലിയാവ് പ്രവാചകരുടെ പ്രതിനിധിയാണ്. പ്രഭാതത്തിൽ ഉദയനക്ഷത്രം നിലനിൽക്കുന്നു എന്നു വരികിലും ആ ഉദയനക്ഷത്രം ഉദയസൂര്യന്റെ ശോഭയിൽ നിഷ്പ്രഭം ആകുന്നതുപോലെ ക്രിസ്തുവിന്റെ തേജസ്കരണ സമയത്ത് മോശയും ഏലിയാവും നിഷ്പ്രഭമാകുന്നതാണ് നാം കാണുന്നത്. ക്രിസ്തു നിസ്തുല്യനായ സൂര്യനാണ്. ക്രിസ്തുവിന് തുല്യം ക്രിസ്തു മാത്രം. എന്നാൽ ആ ദർശന നിർവൃതി നുകർന്ന് ആ നിർവൃതിയിൽ ലയിച്ചിരിക്കുവാനല്ല കർത്താവ് ആഗ്രഹിക്കുന്നത്. അതുകൊണ്ടാണ് ആ മലയിലെ അഭൗമ അനുഭവത്തിൽ കുടിലുകെട്ടി പാർക്കുവാനുള്ള പ്രലോഭനത്തെ മറികടന്നുകൊണ്ടും താഴ്‌വരയിലെ പ്രശ്നങ്ങളുടെ നടുവിലേക്ക് ഇറങ്ങിച്ചെല്ലുവാൻ ക്രിസ്തു തയ്യാറായത് എന്ന് നാം തിരിച്ചറിയണം. ക്രിസ്തുവിനെ ആരാധിക്കുന്നവർ ക്രിസ്തുവിനോടൊപ്പം ജീവിത യാഥാർത്ഥ്യങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് പ്രശ്നപരിഹാരകരായി സൗഖ്യദായകരായി നിൽക്കുന്നവരായിത്തീരണം.

ആഗസ്റ്റ് 9-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബ്ബാനയെക്കുറിച്ചാണ് നാം ചിന്തിക്കുന്നത്. വിശുദ്ധ കുർബ്ബാന എന്ന കൂദാശ രക്ഷയുടെ ആഘോഷമാണ്. നാല് നിർണ്ണായകമായ അടയാളങ്ങളിലൂടെയാണ് നമ്മുടെ കർത്താവ് വിശുദ്ധ കുർബ്ബാന ഏർപ്പെടുത്തിയത്. അപ്പം എടുത്തു, സ്തോത്രം ചൊല്ലി, നുറുക്കി, ശിഷ്യന്മാർക്ക് കൊടുത്തു. തന്റെ ഏകജാതനായ പുത്രനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ച ദൈവം ലോകത്തെ വീണ്ടെടുത്തത് പുത്രനെ നുറുക്കപ്പെടാൻ വിട്ടു കൊടുത്തുകൊണ്ടാണ്. പൂർണ്ണ അനുസരണത്തിലൂടെ പുത്രൻ തന്റെ ജീവനെ പിതാവിന്റെ കരങ്ങളിൽ സമർപ്പിച്ചപ്പോൾ യെശയ്യാവ് പ്രവാചകന്റെ വാക്കുകൾ അന്വർത്ഥമായി തീർന്നു- അവന്റെ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം വന്നു. ഓരോ വിശുദ്ധ കുർബ്ബാനയും ക്രിസ്തുവിന്റെ കരങ്ങളിൽ സമർപ്പിക്കപ്പെടുവാനും വാഴ്ത്തി നുറുക്കപ്പെടുവാനും തങ്ങളെ

ത്തന്നെ വിട്ടുകൊടുക്കുന്ന രക്ഷയുടെ സൗഖ്യത്തിന്റെ ഒരു അനുഭവമാണ് എന്നു മാത്രമല്ല ഓരോ വിശുദ്ധ കുർബ്ബാനയിലൂടെയും മറ്റുള്ളവർക്കുവേണ്ടി ദൈവകരങ്ങളിൽ എടുക്കപ്പെട്ട്, വാഴ്ത്തപ്പെട്ട്, നുറുക്കപ്പെട്ട് വിതരണം ചെയ്യപ്പെടുവാനുള്ള നമ്മുടെ സമർപ്പണത്തിന്റെ അടയാളം കൂടിയാണ് നാം പ്രഖ്യാപിക്കുന്നത് എന്ന് ഓർക്കണം. ഈ അനുഭവത്തിലേക്കുള്ള വളർച്ചയാണ് ജീവിതത്തിന്റെ ധന്യത. ആഗസ്റ്റ് 15 ഭാരത സ്വാതന്ത്ര്യദിനമാണ്. പതിനഞ്ച് നോമ്പ് വീടൽ ദിനം കൂടിയാണത്. സ്വാതന്ത്ര്യം അർത്ഥവത്തായിത്തീരുന്നത് നീതിയുടെ നിർവ്വഹണത്തിലൂടെയാണ്. നീതിരഹിതമായ ഒരു വ്യവസ്ഥിതിയിലും സ്വാതന്ത്ര്യം വളരുകയില്ല. ഭാരതം സ്വാതന്ത്ര്യം നേടിയത് നീതി പൂർവ്വമായ അഹിംസാധിഷ്ഠിതമായ സമരമാർഗ്ഗങ്ങളിലൂടെയാണ്. സ്വാതന്ത്ര്യത്തിലേക്ക് പ്രവേശിക്കുന്ന നമ്മുടെ രാഷ്ട്രത്തിന്റെ ഉദാത്തമായ സ്വാതന്ത്ര്യദർശനം വെളിപ്പെടുത്തുന്ന പ്രസംഗമായിരുന്നു ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു അർദ്ധരാത്രിയിൽ പാർലമെന്റിൽ നടത്തിയത്. ഓരോ ഭാരതീയന്റെയും ദേശീയബോധം ഉണർത്തുന്നതും ദേശാഭിമാനം വളർത്തുന്നതുമായ പ്രസംഗമാണ് നെഹ്റു അന്ന് നടത്തിയത്. അവകാശങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം ഉത്തരവാദിത്വങ്ങളും നിർവ്വഹിക്കുന്ന ഒരു ജനതയ്ക്ക് മാത്രമേ സ്വാതന്ത്ര്യത്തെ ഗുണപരമായി വളർത്തിയെടുക്കുവാൻ കഴിയുകയുള്ളു എന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

ഒരുവൻ യഥാർത്ഥത്തിൽ സ്വതന്ത്രനാകുന്നത് രാഷ്ട്രീയപരമായ സ്വാതന്ത്ര്യം നേടുന്നതുകൊണ്ടു മാത്രമല്ല, പാപത്തിന്റെ ബന്ധനങ്ങളിൽ നിന്നും മുക്തനാകുന്നതിലൂടെയാണ്. നമ്മുടെ കർത്താവാണ് നമ്മെ പാപത്തിൽ നിന്നും രക്ഷയുടെ സ്വാതന്ത്ര്യത്തിലേക്ക് നയിക്കുന്നത്. അതുകൊണ്ട് ക്രിസ്തുവിൽ വസിക്കുന്നവരായി യഥാർത്ഥ സ്വാതന്ത്ര്യം ആസ്വദിക്കുവാനും ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുവാനും നമുക്ക് കഴിയണം. ആഗസ്റ്റ് 16 ഞായർ നവീകരണ ഞായർ ആണ്. നവീകരണം മലങ്കര സഭയുടെ പൂർവ്വപിതാക്കന്മാർ മലങ്കരയിലെ അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും ദൂരീകരിക്കുവാൻ ഇറങ്ങിത്തിരിച്ചപ്പോൾ ആ പ്രക്രിയയ്ക്ക് അടിസ്ഥാനമായി സ്വീകരിച്ചത് ദൈവവചനമായിരുന്നു. വചനാധിഷ്ഠിതമായ വിശ്വാസത്തിൽ പണിയപ്പെടുന്ന ജീവിതങ്ങളായി നമ്മുടെ ജീവിതം മാറണം. പ്രവൃത്തിയില്ലാത്ത വിശ്വാസം വ്യർത്ഥമാണെന്ന് വിശുദ്ധ യാക്കോബ് അപ്പൊസ്തലൻ വളരെ വ്യക്തമായി തന്റെ ലേഖനത്തിൽ സൂചിപ്പിക്കുന്നുണ്ടല്ലോ. 'അങ്ങനെ വിശ്വാസവും പ്രവൃത്തികളില്ലാത്തതായാൽ സ്വതവേ നിർജ്ജീവമാകുന്നു' (യാക്കോ. 2:17). പാറമേൽ വീട് പണിത ബുദ്ധിയുള്ള മനുഷ്യനെപ്പോലെ വചനം ജഡമായിത്തീർന്ന ക്രിസ്തുവിലുള്ള വിശ്വാസത്തിൽ ജീവിതം വചനാധിഷ്ഠിതമായി പണിയപ്പെടുമ്പോൾ മാത്രമേ കാലത്തിന്റെ പ്രതികൂലതകളെ നമുക്ക് ധീരമായി അഭിമുഖീകരിക്കുവാൻ കഴിയൂ. 'ഇതര വിശ്വാസ സമൂഹങ്ങളുടെ മദ്ധ്യേ ക്രൈസ്തവ സാക്ഷ്യം' എന്ന വിഷയമാണ് ആഗസ്റ്റ് 23-ാം തീയതി നാം ധ്യാനിക്കുന്നത്. യേശു പറഞ്ഞു 'നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു ഉപ്പ് ഭക്ഷണപദാർത്ഥങ്ങൾക്ക് രുചിപകരുക മാത്രമല്ല സാധനങ്ങളുടെ ദ്രവീകരണ സ്വഭാവത്തെ തടയുകയും ചെയ്യും. മൂല്യശോഷണം സമൂഹത്തിലെ നന്മകളെ ഇല്ലാതാക്കുന്ന ഇക്കാലത്ത് മൂല്യങ്ങൾ വീണ്ടെടുക്കുന്നവരായും നാം ജീവിക്കുന്ന ചുറ്റുപാടുകളിൽ രുചി പകരുന്നവരായും തീരുന്നതിലൂടെയാണ് കർത്താവ് പറഞ്ഞതുപോലെ നമുക്ക് ഉപ്പായിത്തീരുവാൻ കഴിയുന്നത്. 'നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു' എന്ന കർത്താവിന്റെ വചനം നമ്മുടെ ജീവിതത്തിൽ യാഥാർത്ഥ്യമായിത്തീരണം. എങ്കിൽ മാത്രമേ അനേകർക്ക് വെളിച്ചം ചൊരിയുന്ന വ്യക്തിത്വങ്ങളായി തീരുവാൻ നമുക്ക് കഴിയുകയുള്ളു. ആഗസ്റ്റ് 30 ഞായർ മാമ്മോദീസ എന്ന് കൂദാശയെക്കുറിച്ച് നാം ചിന്തിക്കുന്നു. വി. യോഹന്നാൻ എഴുതിയ സുവിശേഷം 3-ാം അദ്ധ്യായത്തിൽ നിക്കോദിമോസ് യേശുവിനെ വന്നു കാണുന്ന സംഭവം വിശദീകരിക്കുന്നുണ്ട്. വീണ്ടും ജനനത്തെക്കുറിച്ച് യേശു നിക്കോദിമോസിനോട് സംസാരിക്കുമ്പോൾ യേശു പറയുന്നു 'പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണുവാൻ ആർക്കും കഴിയുകയില്ല' (യോഹ. 3:3). പുതുജനനത്തിന്റെ അടയാളമാണ് വി. മാമ്മോദീസ എന്ന കൂദാശ. യെഹൂദന്മാരുടെ ഇടയിൽ സ്നാനം എന്ന രീതി നിലവിലുണ്ടായിരുന്നു. എന്നാൽ ഇതിന് ക്രിസ്തീയ സ്നാനവുമായി അടിസ്ഥാനപരമായിത്തന്നെ വ്യത്യാസമുണ്ട്. യെഹൂദ മതത്തിലേക്ക് ഒരാളെ ചേർക്കുമ്പോൾ സ്നാനപ്പെടുത്തുന്ന പതിവാണ് അവർക്കുണ്ടായിരുന്നത്. പിൽക്കാലത്ത് യോഹന്നാൻ സ്നാപകന്റെ കാലഘട്ടത്തിൽ മാനസാന്തരസ്നാനം രൂപപ്പെട്ടു. എന്നാൽ യോഹന്നാൻ സ്നാപകനിൽ നിന്നും യേശു ഏറ്റ സ്നാനം മാനസാന്തര സ്നാനം അല്ലായിരുന്നു. പാപികളോടും ദോഷികളോടും ക്രിസ്തു തന്റെ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതിന്റെ അടയാളമായിരുന്നു അത്. അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകത്തിൽ യേശുവിന്റെ നാമത്തിലുള്ള സ്നാനം നാം കാണുന്നു. എന്നാൽ പിന്നീട് നിഖ്യായിലും കുസ്തന്തിനോസ്പൊലീസിലും എഫേസോസിലും ഉണ്ടായ സുന്നഹദോസുകളിലൂടെ രൂപപ്പെട്ടുവന്ന വി. മാമ്മോദീസായെക്കുറിച്ചുള്ള കാഴ്ചപ്പാടാണ് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലുള്ള സ്നാനമായി എല്ലാ ക്രൈസ്തവ സഭാ വിഭാഗങ്ങളും സ്വീകരിച്ചത്. പെന്തിക്കുസ്തിയുടെ ശുശ്രൂഷാക്രമത്തിൽ സഭ ഇങ്ങനെ പ്രഖ്യാപിക്കുന്നു-'മാനുഷികമായ സകല വിചാരങ്ങളിൽ നിന്നും ബോധങ്ങളിൽ നിന്നും അകന്നും മറഞ്ഞും ഇരിക്കുന്ന അദൃശ്യനും സ്വയംഭൂവായവനും ശക്തിയുടെയും സ്നേഹത്തിന്റെയും നന്മയുടെയും പൂർണ്ണതയുള്ളവനുമായ തനിക്കു സ്തുതി. കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തെയും നിർമ്മിച്ചവനും ക്രമീകരിക്കുന്നവനും താനാകുന്നു. താൻ ആരംഭമില്ലാത്തവനും അവസാനമില്ലാത്തതുമായ നിത്യനും അതിർത്തി നിർണ്ണയിക്കപ്പെടാവതല്ലാത്തവനുമാകുന്നു. പിതാവും പുത്രനും വിശുദ്ധറൂഹായുമായ ഏക സ്വഭാവവും ഏക അധികാരവും ഏകയിഷ്ടവുമായിരിക്കുന്ന സത്യൈക ദൈവവും താനാകുന്നു. തന്നിൽ ക്നൂമാ കൂടാതെ നാമമില്ല. ക്നൂമാ തമ്മിൽ പ്രായവ്യത്യാസമോ, വലിപ്പച്ചെറുപ്പമോ ഇല്ല. പിതാവെന്നു പറയുന്നെങ്കിൽ, പുത്രനും റൂഹായും തന്നിൽ നിന്നാകുന്നു. പുത്രനെന്നു പറയുന്നെങ്കിൽ പിതാവും റൂഹായും അവനാൽ അറിയപ്പെടുന്നു. റൂഹായെന്ന് പറയുന്നെങ്കിൽ പിതാവും പുത്രനും അവനിൽ പൂർണ്ണമായിരിക്കുന്നു. പിതാവ് ജനകനാകുന്നു. പുത്രൻ ജനിച്ചവനാകുന്നു. പരിശുദ്ധറൂഹാ പിതാവിൽ നിന്നും പുറപ്പെടുന്നവനും പുത്രനിൽ നിന്നു എടുക്കപ്പെടുന്നവനും ആകുന്നു. താൻ സാരാംശത്തിൽ തന്റെ പിതാവിനോടു സമനാകുന്നു. പിതാവും പുത്രനും പരിശുദ്ധറൂഹായുമെന്ന പൂർണ്ണമുള്ള ത്രിത്വവും ത്രിത്വത്തിൽ പ്രഥമനുമാകുന്ന പിതാവാം ദൈവത്തിനു പെന്തിക്കുസ്തിയുടെ ഓർമ്മ കൊണ്ടാടുന്ന ഈ സമയത്തും നമ്മുടെ ആയുഷ്ക്കാലമൊക്കെയും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറ്റിക്കൊള്ളുന്നു'. പിതാവിനെക്കുറിച്ചും പുത്രനെക്കുറിച്ചും പരിശുദ്ധാത്മാവിനെക്കുറിച്ചുമുള്ള ഈ മഹനീയ വിശ്വാസപ്രഖ്യാപനം രൂപപ്പെടുത്തിയ പൂർവ്വപിതാക്കന്മാർക്കായി നമുക്ക് ദൈവത്തെ സ്തുതിക്കാം.

'യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു: ക്രിസ്തു മരിച്ചിട്ട് പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന് തന്നേ' (റോമ. 6:3-5).

കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ

പുലാത്തീൻ, തിരുവല്ല
28-07-2020

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**